## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 930 — 10.06.2019-ൽ മറുപടിയ്ക്ക്.

# ക്ഷീരകർഷകർക്ക് ന്യായവില ലഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുൽപ്പാദനച്ചെലവിലെ വർദ്ധനവും തന്മൂലം ക്ഷീരവൃത്തിയിൽ നിന്നുള്ള ആദായക്കുറവും പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ | (എ) ക്ഷീരകർഷകരെ സഹായിക്കുന്നതിനും മെച്ചപ്പെട്ട ആദായം ഉറപ്പാക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവപശുക്കളെ വാങ്ങുന്നതിനും, കൂടാതെ അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം, കാലിത്തൊഴുത്ത് പുതുതായി നിർമ്മിക്കുന്നതിനും, നിലവിലുള്ളവ നവീകരിക്കുന്നതിനും, യന്ത്രവത്ക്കരണത്തിനും, പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനുമുള്ള സഹായം, വൈക്കോലും കാലിത്തീറ്റയും ക്ഷീരസംഘങ്ങൾ വഴി തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുള്ള സഹായം എന്നിവ നൽകുന്നുണ്ട്.<br>കൂടാതെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂരിഭാഗം പഞ്ചായത്തുകളിലും അവർ അളക്കുന്ന പാലിന് ആനുപാതികമായി ഒരു ലിറ്റർ പാലിന് 4 രൂപ വരെ കാലിത്തീറ്റ ഇൻസെന്റീവും നൽകി വരുന്നുണ്ട്.<br>ഉരുക്കളേയും ക്ഷീരകർഷകരുടെ 80 വയസ് വരെ പ്രായമുള്ള കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി അവരുടെ ചികിത്സാ ചെലവടക്കം നൽകത്തക്ക രീതിയിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാസഹായം, അപകടമരണസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നീ സഹായങ്ങളും കർഷകർക്ക് നൽകി വരുന്നുണ്ട് . |
| (ബി) ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ക്ഷീരകർഷകർക്ക് ന്യായവില ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഗുണനിലവാരമനുസരിച്ച് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മിക്ക ക്ഷീരസംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ (AMC) യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | AMC യൂണിറ്റുകൾ യൂണിഫോം സോഫ്റ്റ് വെയറിലൂടെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. |
| (സി) | ക്ഷീരസംഘങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) | ക്ഷീരസംഘം ഭരണസമിതികളുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരമായി സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാര പരിശോധന നിർബന്ധമാക്കി, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഏകീകൃത സോഫ്റ്റ് വെയർ മുഖേന പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. കൂടാതെ പ്രാഥമിക ക്ഷീര സംഘങ്ങളിൽ ഭരണ സമിതി യോഗങ്ങളും വാർഷിക പൊതുയോഗവും കൃത്യസമയങ്ങളിൽ കൂടുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നുള്ള പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പാൽ സംഭരണം സർവകാല റെക്കാഡിലെത്തിയിട്ടുണ്ട്. 2018-19 വർഷം പ്രളയംമൂലം ഈ മേഖലയ്ക്ക് കനത്ത തിരിച്ചടി നേരിട്ടുവെങ്കിലും ക്ഷീരസംഘങ്ങളിൽ കൂടിയുള്ള പാൽ സംഭരണം പ്രതിദിനം 18.64 ലക്ഷം ലിറ്ററായി ഉയർന്നിട്ടുണ്ട്. 2016-17 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 14.56% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**